**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് --കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്- ശ്രീ.രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണ പ്രവൃത്തി നടന്ന കാലയളവിൽ പഞ്ചായത്തിൽ അസി.എഞ്ചിനീയറായി സേവനമനുഷ്ഠിച്ച ശ്രീ.ഹലീലുദ്ദീന് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 622/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി, 07 .03. 2017.

പരാമർശം:- 1) 27/03/2002 ലെ സ.ഉ (പി) 185/2002/ഫിൻ നം. ഉത്തരവ്,

2) ധനകാര്യ വകുപ്പിന്റെ 02/11/2011 ലെ 77/2011/Fin നം.സർക്കുലർ,
3) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11/02/2015 ലെ 5667/AB1/13/LSGD നം. സർക്കുലർ
4) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13/06/2016 ലെ ഡിബി1/4499/13/തസ്വഭവ നമ്പർ കത്ത്
5) കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.എം.ഹലീലുദ്ദീൻ 15/10/2016 ൽ സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിൽ അന്തരിച്ച വിശ്രുത സംഗീതജ്ഞൻ ശ്രീ. രവീന്ദ്രൻ മാസ്റ്ററുടെ സ്മരണയ്ക്കായി പണിതു വന്നിരുന്ന സ്മാരക നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് പരാമർശം കാരണം പ്രസ്തുത നിർമ്മാണ പ്രവർത്തി നടന്ന കാലയളവിൽ കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചിരുന്ന (25/10/2010 മുതൽ 17/05/2011 വരെ) ശ്രീ.എം.ഹലീലുദ്ദീന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നില്ല എന്നും, ആയത് പരിശോധിക്കണമെന്നും, ആവശ്യപ്പെട്ട് പരാമർശം (5) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ട് വ്യക്തമായി ഒരു ഉദ്യോഗസ്ഥന്റെ മേൽ ബാധ്യത നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിൽ നിലവിൽ വന്ന ഓഡിറ്റ് പരാമർശങ്ങളുടെ വിഷയത്തിൻമേൽ അന്തിമ നടപടി പൂർത്തിയായിട്ടില്ല എന്നിരിക്കിലും ഒരാളുടെ പെൻഷൻ ആനുകൂല്യങ്ങൾ ദീർഘകാലം തടയുന്ന നടപടി നീതിപൂർവ്വമല്ല എന്നു കാണുന്നു. . ഈ സാഹചര്യത്തിൽ ശ്രീ.എം.ഹലീലുദ്ദീന് പെൻഷൻ അനുവദിക്കുന്നതിന് തടസ്സമായതും, പഞ്ചായത്തിൽ നിലവിലുള്ളതുമായ ഓഡിറ്റ് പരാമർശങ്ങളുടെ അന്തിമ തീർപ്പിനു വിധേയമായും, പരാമർശം 1 ഉം, 2,3 ഉം പ്രകാരമുള്ള **ഉത്തരവിന്റേയും , സർക്കാർ നിർദ്ദേശത്തിന്റേയും**, വെളിച്ചത്തിൽ ബാധ്യത ഉണ്ടാകുന്ന പക്ഷം തിരിച്ചടക്കുകയും, തിരിച്ചുപിടിക്കുന്നതിന് സമ്മതമാണ് എന്നുള്ള ബോണ്ട് സമർപ്പിക്കുന്നതിന്റേയും അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.എം.ഹലീലുദ്ദീൻ എന്നയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷിബു.എ.റ്റി**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത്,കൊല്ലം ജില്ല
ശ്രീ.എം.ഹലീലുദ്ദീൻ, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ,കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ,ഇൻഫർമേഷൻകേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്,തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ